## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 585** **28.09.2011-ൽ മറുപടിയ്ക്ക്**

### മരുന്നുകമ്പനികളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:** | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| (എ) മാനദണ്ഡമില്ലാതെ വില വർദ്ധിപ്പിക്കുന്ന മരുന്നു കമ്പനികളെ നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) രാജ്യത്ത് ഉല്പാദിപ്പിച്ച് വിതരണ ചെയ്യുന്ന മരുന്നുകളുടെ വി നിശ്ചയിച്ചുറപ്പിക്കുന്നത് കേന്ദ്രസർക്ക രാണ്. കേന്ദ്രസർക്കാർ വകുപ്പാ Chemicals&Fertilizers ന്റകീഴിലുള നാഷണൽ ഫാർമസ്യൂട്ടിക്ക പ്രൈസിംഗ് അതോറിറ്റിയാണ് മരുന്ന കളുടെ വില നിശ്ചയിച്ചുറപ്പിക്കുന്ന കാലാകാലങ്ങളിലുള്ള ഗവൺമെ നോട്ടിഫിക്കേഷൻ വഴിയാ ഇപ്രകാരം നിശ്ചയിച്ച വിലക പ്രസിദ്ധീകരിക്കുന്നത്. നിലവിൽ 7 ഇനം മരുന്നുകളുടെയും അവയു കോമ്പിനേഷനുകളുടെയും വി മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇ രാജ്യത്ത് ലഭ്യമായ മരുന്നുകളു വളരെ ചെറിയ ശതമാനം മാത്രമാണ് ഇപ്രകാരം മിക്ക ജീവൻ രക്ഷ മരുന്നുകളുടെയും, വിശിഷ്യ കാൻസർ, വൃക്ക ഹൃദ്രോ മരുന്നുകളുടെ വില അതാത് നിർമ്മ താക്കൾ തീരുമാനിച്ചുറപ്പിച്ചതിനാ ഇത്തരം മരുന്നുകൾ വളരെ ഉയർന വിലയ്ക്കാണ് വിപണിയിൽ ലഭ്യമ കുന്നത്. ഇത് നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരി നിക്ഷിപ്തമായതിനാൽ ഇക്കാര്യത്തി നിയന്ത്രണം നടത്താൻ സംസ്ഥാ സർക്കാരിന് കഴിയില്ല. എന്നാൽ ഒ രാസഘടനയുള്ള രണ്ടു കമ്പനികളു മരുന്നുകളിൽ പ്രകടമായ വില വ്യത്യാസമുള്ളത് ശ്രദ്ധയിൽപ്പെട്ടാ ഉടനടി മേൽ നടപടിക്കായി NPPA യുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. |

കൂടാതെ ലേബലിൽ ചേർത്തിരിക്കുന്ന പരമാവധി വില്പന വിലയിൽ കൂടുതലായി വില്പന നടത്തുന്നത് കണ്ടുപിടിക്കപ്പെട്ടാൽ ഉടനടി കർശന മായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഒരേ ഇനം മരുന്നുകളുടെ വിലയിൽ നിലനിൽക്കുന്ന വൻവ്യത്യാസവും ചില മരുന്നുകൾ പല സ്ഥലങ്ങളിലും ഇരട്ടി വിലയ്ക്ക് വിൽക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

(ബി) ഒരേ ഇനം മരുന്നുകളുടെ വിലയിൽ നിലനിൽക്കുന്ന വൻവ്യത്യാസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരേ മരുന്ന് പല സ്ഥലങ്ങളിൽ ഇരട്ടി വിലയ്ക്ക് വിൽക്കപ്പെടുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നിന്റെ ലേബലിൽ പ്രിന്റ് ചെയ്തിരിക്കുന്ന വിലയേക്കാൾ കൂടിയ വിലയ്ക്ക് വില്പന നടത്തുന്നതായി ശ്രദ്ധയിൽ പ്പെടുകയും അവയ്ക്കെതിരെ Drugs Price Control Order പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്വകാര്യ വില്പന ശാലകളും ചില സന്ദർഭങ്ങളിൽ MRP യേക്കാൾ കുറഞ്ഞ വിലയ്ക്ക് അവരവർ നിശ്ചയിക്കുന്ന ലാഭ ശതമാനത്തിൽ വില്പന നടത്തുന്ന തായി കണ്ടു വരുന്നുണ്ട് . ഇതു കാരണം ഒരേ പ്രദേശത്തുള്ള പല ഔഷധ വ്യാപാരശാലകളിൽ നിന്നും വിൽക്കപ്പെടുന്ന മരുന്നുകൾ പല വിലയ്ക്കാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്.

സെക്ഷൻ ഓഫീസർ